നമ്പർ. പി.റ്റി(1)53165/2011. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 6.06.2013.

## സർക്കുലർ നമ്പർ.38/2013

വിഷയം – സഹകരണ വകുപ്പ്– 1969–ലെ കേരള സഹകരണ സംഘം ചട്ടം 53(2)–ലെ ഭേദഗതി– സഹകരണ വിദ്യാഭ്യാസ ഫണ്ട്– തുക വർദ്ധിപ്പിക്കുന്നതു –സംബന്ധിച്ച്.

സൂചന – സർക്കാരിന്റെ 19.1.13–ലെ ജി.ഒ(പി)12/13/സഹ.ഉത്തരവ്.

.....

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ സംസ്ഥാന സഹകരണ യൂണിയനിലേയ്ക്ക് അടയ്ക്കേണ്ട സഹകരണ വിദ്യാഭ്യാസ ഫണ്ടു തുകയുടെ പരമാവധി പരിധി 40,000/–രൂപയിൽ നിന്നും 60,000/– രൂപയായി വർദ്ധിപ്പിച്ച് 1969–ലെ കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 53(2) ക്ലാസ്സ്(എ) യിൽ ഭേദഗതി വരുത്തി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ താഴെപ്പറയുന്ന നിരക്കിൽ സഹകരണ വിദ്യാഭ്യാസ ഫണ്ട് അടയ്ക്കേണ്ടതാണെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1 | അപ്പെക്സ് ഫെഡറേഷനുകൾ/ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പ്രൈമറി ക്രെഡിറ്റ് സൊസൈറ്റീസ്/ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ ക്ലാസ്സ് 1 സൂപ്പർഗ്രേഡും സ്പെഷ്യൽഗ്രേഡും പ്രൈമറി കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ. | 5,000/–രൂപ |
| 2 | പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റീസ്/ ബാങ്കുകൾ<br>1. ക്ലാസ്സ് – I<br>2. ക്ലാസ്സ് – II & III<br>3. ക്ലാസ്സ് – IV | <br>3,000/–രൂപ<br>2,000/–രൂപ<br>1,000/–രൂപ |
| 3 | പ്രൈമറി ക്രെഡിറ്റ് സംഘങ്ങൾ ഒഴികെയുള്ള മറ്റ് സൊസൈറ്റികൾ/ ബാങ്കുകൾ (സ്ക്കൂൾ സഹകരണ സംഘങ്ങളും, പ്രൈമറി/കൺസ്യൂമർ സഹകരണ സ്റ്റോറുകളും ഒഴികെ) | 2,000/–രൂപ |

സഹകരണ വിദ്യാഭ്യാസ ഫണ്ട് തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഒടുക്കേണ്ട പിഴപലിശ 6%–ൽ നിന്നും 8%–മായും വർദ്ധിപ്പിച്ചിട്ടുണ്ട്.

സഹകരണ സംഘം ആഡിറ്റർമാർ ഈ സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി സഹകരണ വിദ്യാഭ്യാസ ഫണ്ടു തുക നിർണ്ണയിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി, ടി തുക സംസ്ഥാന സഹകരണ യൂണിയനിലേയ്ക്ക് യഥാസമയം അടയ്ക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

ഒപ്പ്
കെ.ഗോപാലകൃഷ്ണഭട്ട്
സഹകരണ സംഘം രജിസ്ട്രാർ